ദീപിക കൊച്ചി - 1-5-22

നൈപുണ്യ രജതജൂബിലി ആഘോഷം തുടങ്ങി

നൈപുണ്യ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ രജതജൂബിലി ആഘോഷം കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രഫ. ഡോ. എം.കെ. ജയരാജ് ഉദ്ഘാടനം ചെയ്യുന്നു. ഫാ. പോൾ കൈതോട്ടുങ്ങൽ, ആർച്ച്ബിഷപ് മാർ ആന്റണി കരിയിൽ, ബി.ഡി. ദേവസി, മാർ തോമസ് ചക്യത്ത്, ബെന്നി ബഹനാൻ എംപി എന്നിവർ സമീപം.

അങ്കമാലി: എറണാകുളം-അങ്കമാലി അതിരൂപതയുടെ വിദ്യഭ്യാസ സംരംഭമായ നൈപുണ്യ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ രജതജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി. കാലിക്കട്ട് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രഫ. ഡോ. എം.കെ. ജയരാജ് ഉദ്ഘാടനം ചെയ്തു. എറണാകുളം-അങ്കമാലി അതിരൂപത മെത്രാപ്പോലീത്തൻ വികാരി ആർച്ച്ബിഷപ് മാർ ആന്റണി കരിയിൽ അധ്യക്ഷത വഹിച്ചു.

മാർ. തോമസ് ചക്യത്ത്, നൈപുണ്യ സ്ഥാപക ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കളപ്പുരയ്ക്കൽ, മോൺ. ഫാ. ആന്റണി പെരുമായൻ എന്നിവരെ ചടങ്ങിൽ ആദരിച്ചു. ബെന്നി ബഹനാൻ എംപി, ടി.ജെ. സനീഷ് കുമാർ ജോസഫ് എംഎൽഎ, മുൻ എംഎൽഎ. ബി.ഡി. ദേവസി, കൊരട്ടി പഞ്ചായത്ത് പ്രസിഡന്റ് പി.സി. ബിജു, പഞ്ചായത്ത് മെമ്പർ പോൾ സി ടി. പോൾ, നൈപുണ്യ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. പോൾ കൈതോട്ടുങ്ങൽ, നൈപുണ്യ പബ്ലിക് സ്കൂൾ ഡയറക്ടർ ഫാ. വർഗീസ് പാലാട്ടി, പ്രഫ. ബിനി റാണി ജോസ് എന്നിവർ യോഗത്തിൽ പ്രസംഗിച്ചു.

രജതജൂബിലിയുടെ ഭാഗമായി ഒരുവർഷം നീണ്ടുനിൽക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കർദിനാൾ മാർ ആന്റണി പടിയറ, മാർ തോമസ് ചക്യത്ത്, ഫാ. സെബാസ്റ്റ്യൻ കളപ്പുരയ്ക്കൽ എന്നിവരുടെ ദീർഘവീക്ഷണവും സാമൂഹിക കാഴ്ചപ്പാടുകളുമാണു നൈപുണ്യ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും വികസനത്തിനും ശക്തി പകർന്നത്. വെള്ളപ്പൊക്ക ദുരിതമേഖലകളിൽ റീബിൽഡ് മിഷൻ എന്ന പേരിൽ സഹായങ്ങൾ എത്തിക്കുകയും കോവിഡ് ദുരിതമനുഭവിച്ച വീട്ടുകാർക്ക് സഹായങ്ങൾ നൽകുകയും ചെയ്തതടക്കം സാമൂഹ്യ പ്രതിബദ്ധത ഉയർത്തിപ്പിടിച്ച സ്ഥാപനമാണു നൈപുണ്യ.

മൂക്കന്നൂർ കട്ടിംഗിൽ വീണ്ടും കാട്ടാനയെത്തി



മൂക്കന്നൂർ കട്ടിംഗിൽ പരണംകുന്നേൽ വാസുവിന്റെ പുരയിടത്തിൽ കാട്ടാനകൾ നശിപ്പിച്ച വാഴയും തെങ്ങും.

അങ്കമാലി: മൂക്കന്നൂർ പഞ്ചായത്തിന്റെ വടക്കൻ മേഖലയിലെ ജനവാസകേന്ദ്രങ്ങളിൽനിന്ന് അകലം പാലിച്ചിരുന്ന കാട്ടാനകൾ കഴിഞ്ഞ ദിവസം രാത്രി നാട്ടിലെത്തി. കട്ടിംഗിൽ മൂക്കന്നൂർ-ഏഴാറ്റുമുഖം റോഡിനോടു ചേർന്ന് പരണംകുന്നേൽ വാസു, ചാങ്ങയിൽ വേണുഗോപാൽ എന്നിവരുടെ പുരയിടങ്ങളിലാണ് കാട്ടാനയെത്തിയത്. വലിയ ശബ്ദകോലാഹലങ്ങളില്ലാതെയെത്തിയ കാട്ടാനകൾ തൈതെങ്ങുകളും കുലവാഴകളും നശിപ്പിച്ച ശേഷമാണ് മടങ്ങിയത്.

ആനകൾ എത്തിയ വിവരം രാവിലെയാണ് എല്ലാവരും അറിഞ്ഞത്. നശിപ്പിച്ച കൃഷിയിടങ്ങളിൽ ആനയുടെ കാൽപ്പാടുകളും പിണ്ഡവുമുണ്ട്. ഒലിവേലിച്ചിറ വനത്തോട് ചേർന്നുള്ള ഒലിവേലി, എടലക്കാല്, കട്ടിംഗുഭാഗത്ത് സമീപകാലത്തായി വന്യമൃഗങ്ങളായ കാട്ടുപന്നി, കുരങ്ങ്, മലയണ്ണാൻ എന്നിവയുടെ ശല്യം രൂക്ഷമാണ്. ചേന, ചേമ്പ്, പച്ചക്കറി, നെല്ല് തുടങ്ങിയ വിളകൾ കാട്ടുപന്നികളും, ജാതിക്ക, തേങ്ങ, ചക്ക, മാങ്ങ എന്നിവ മലയണ്ണാന്മാരും നശിപ്പിക്കുന്നതായി കർഷകർ പറയുന്നു. ഇവ ജനങ്ങളുടെ ജീവനും സ്വത്തിനും നാശനഷ്ടങ്ങൾ വരുത്തുമ്പോൾ വനംവകുപ്പ് അധികൃതർ നിസംഗത പാലിക്കുന്നതായി കോൺഗ്രസ് ബ്ലോക്ക് വൈസ് പ്രസിഡന്റ് ടി. എം. വർഗീസ് ആരോപിച്ചു. വനാതിർത്തിയിൽ വൈദ്യുതവേലി നിർമിക്കുന്നതിനും കിടങ്ങുകൾ സ്ഥാപിക്കുന്നതിനും നടപടിയെടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ജോൺ പോൾ അനുസ്മരണം

കൊച്ചി: കെസിബിസി മീഡിയ കമ്മീഷന്റെ നേതൃത്വത്തിൽ പാലാരിവട്ടം പിഒസിയിൽ ജോൺ പോൾ അനുസ്മരണ സമ്മേളനം സംഘടിപ്പിച്ചു. പ്രഫ. എം.കെ. സാനു, സെബാസ്റ്റ്യൻ പോൾ, സാബു ചെറിയാൻ, എം.കെ. ജോസ

സംഗിച്ചു.

പുതുമുഖ തിരക്കഥാകൃത്തുക്കളെ പ്രോത്സാഹിപ്പിക്കുന്നതിനായി കെസിബിസി മീഡിയ കമ്മീഷന്റെ നേതൃത്വത്തിൽ ജോൺ പോൾ തിരക്കഥാ അവാർഡ് എല്ലാ വർഷവും ഏർപ്പെടുത്തുമെ

തിരുനാൾ

താബോർ വിജോപുര
ന്നൂർ സെന്റ് മേരീസ്
കൊടി ആശീർവദിക്ക
കൈക്കാരന്മാരായ
വർഗീസ് തൊടുവ, ജ
സമീപം.

വിജോപുരം

കാലടി: വിജോപുരം
ഫ്സ് ദേവാലയത്
യൗസേപ്പിതാവിന്റെ
സെബസ്ത്യാനോ
രുനാളിന് മുക്കന്നൂ
വികാരി ഫാ. ജോ
ൽ കൊടിയേറ്റി. തിര
യ ഇന്ന് രാവിലെ 10

പാറക്കടവ് ലിറ്റിൽ ഫ്
തിരുനാളിന് വികാരി
ന്നു.

തുറവുങ്കര ചെറുപു
രുനാളിനു തുടക്കം
സഫ് കണിയാംപറ
മീപം.

മഞ്ഞപ്ര ടൗൺ ക
ന് വികാരി ഫാ. സെ
റിനോയി നെടുംപറ